കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - കാഞ്ഞിരപ്പള്ളി ബ്ലോക്ക് പരിധിയിൽപ്പെട്ട പഞ്ചായത്തുകളിലെ വിവിധ റോഡ് പ്രവൃത്തികളിലെ ക്രമക്കേട് - മുൻ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.വി.കെ.ചന്ദ്രശേഖരന് സെൻഷർ നല്കിക്കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം. 450/2017/ത.സ്വ.ഭ.വ      തീയതി, തിരുവനന്തപുരം, 16.02.2017

പരാമർശം: 1. കോട്ടയം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ (ക്രൈം ബ്രാഞ്ച് സി.ഐ.ഡി) 01/03/2014 ലെ റിപ്പോർട്ട്

2. ഗ്രാമവികസന കമ്മീഷണറുടെ 01.01.2015,14.05.2015,എന്നീ തീയതികളിലെ 117844/എസ്റ്റാ എ 2/2014/സി.ആർ.ഡി നമ്പർ കത്തുകൾ.

3.. ശ്രീ.വി.കെ . ചന്ദ്രശേഖരൻ, മുൻ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ -ന് നൽകിയ 06.03.2015 ലെ കുറ്റപത്രികയും കുറ്റാരോപണ പത്രികയും

4. ശ്രീ.വി.കെ . ചന്ദ്രശേഖരൻ സമർപ്പിച്ച 28.04.2015 ലെ പ്രതിവാദ പത്രിക.

5. ഗ്രാമവികസന കമ്മീഷണറുടെ 11.05.2016 ലെ 117844/എസ്റ്റാ എ 2/2014/ സി.ആർ.ഡി നമ്പർ കത്ത്.

## ഉത്തരവ്

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പാറത്തോട് - ഒന്നാം മൈൽ കുളപ്പുറം റോഡ് 2005-2006 കാലയളവിൽ ടാറിംഗ് വർക്ക് നടത്തിയതുമായി ബന്ധപ്പെട്ട് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ശ്രീ.വി.കെ. ചന്ദ്രശേഖരൻ വർക്കിന്റെ കൺവീനറുമായി എഗ്രിമെന്റ് വച്ചുവെങ്കിലും Conditions of Contract-ഉം പ്ലാനും ഉൾപ്പെടുത്തിയതായി വ്യാജമായി രേഖപ്പെടുത്തിയതായും വർക്കിന്റെ കാലാവധി എഗ്രിമെന്റിൽ ചേർത്തില്ലെന്നും എഗ്രിമെന്റ് വിവരങ്ങൾ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലെ എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ലെന്നും നിശ്ചിത കാലാവധിക്കുള്ളിൽ വർക്ക് പൂർത്തീകരിക്കാതിരുന്നിട്ടും കാലാവധി തീർന്ന മുറയ്ക്ക് കൺവീനറുമായി Supplementary Agreement വച്ചില്ലെന്നും അപ്രകാരം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ നിയമാനുസൃതം എഗ്രിമെന്റ് നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും കോട്ടയം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി ബ്ളോക്കിലെ മുൻ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ശ്രീ.വി.കെ. ചന്ദ്രശേഖരന് പരാമർശം (3) പ്രകാരം സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കുകയുണ്ടായി. പരാമർശം (4) പ്രകാരം ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ച

മണിമല ഗ്രാമപഞ്ചായത്ത്-പുലിക്കല്ല് മാത്രർക്കടവ് റോഡ് 2005-06 റോഡ് പ്രവൃത്തി എഗ്രിമെന്റ് പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും വർക്കിന്റെ കാലാവധി ആറുമാസമാണെന്നുള്ളത് വർക്ക് ഓർഡറിൽ പ്രതിപാദിച്ചിട്ടുണ്ടെന്നും കാലതാമസം അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാലും സപ്ലിമെന്ററി റിപ്പോർട്ട് വയ്ക്കണമെന്ന് ഡി.ആർ.ഡി.എ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം നല്കാതിരുന്നതിനാലുമാണ് എം ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയതംഗീകരിച്ച് ബില്ല് അയച്ചതെന്നും ആയതിൽ മനഃപൂർവ്വമായി യതൊരുവിധ വീഴ്ചയും വരുത്തിയിട്ടില്ലെന്നും മുണ്ടക്കയം ഗ്രാമപഞ്ചായത്ത്- പശ്ചിമ പുഞ്ചവയൽ റോഡ് 2005-2006 റോഡ് പ്രവൃത്തിയിൽ ഗുണഭോക്തൃ കമ്മിറ്റി കൺവീനറുമായി എഗ്രിമെന്റ് വച്ച് വ്യവസ്ഥയനുസരിച്ച് പണി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും പ്രസ്തുത ജോലിയിൽ കരാറുകാരനായി ടി കൺവീനർ ബന്ധപ്പെട്ട ജോലി നടത്തിയതായി ഒരു വിധ പരാതിയും അസി. എഞ്ചിനീയറോ ബന്ധപ്പെട്ട ഓവർസിയറോ റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും ബിറ്റുമിന്റെ ഇൻവോയ്സിന്റെ സാങ്കേതികത്വം തനിക്ക് പരിശോധിക്കാൻ ആവുകയില്ലെന്നും റോഡ് പണി പൂർത്തീകരിക്കുമ്പോൾ എം.ബുക്ക് സഹിതം ഫയൽ തിരിച്ചേൽപ്പിക്കുമ്പോൾ പണി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ എന്നു മാത്രമേ പരിശോധിക്കാറുള്ളുവെന്നും എഗ്രിമെന്റിനോടൊപ്പമുള്ള Conditions of Contract-ന് തുല്യമായ Schedule of Agreement-ഉം പ്ലാനും ഫയലിൽ ചേർത്തിട്ടുള്ളതാണെന്നും ടി വർക്കിനെ സംബന്ധിച്ച് മനഃപൂർവ്വം യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലെന്നും ശ്രീ.വി.കെ.ചന്ദ്രശേഖരൻ പ്രതിവാദപത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്. പാറത്തോട് ഗ്രാമപഞ്ചായത്ത് 27-10 മൈൽ തെക്കും തല റോഡ്-മാത്തക്കുളം -മൂഴിക്കാട് റോഡ് ടാറിംഗ്,പാറത്തോട് ഗ്രാമപഞ്ചായത്ത്-പാറത്തോട് - ഒന്നാം മൈൽ കുളപ്പുറം റോഡ് 2005-2006,കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്-കോവിൽക്കടവ്-മേലേറ്റുതകിടി റോഡ് 2005-2006, കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്-പറത്താനം -പുളിക്കൽ കോളനി റോഡ്-2005-2006 എന്നീ റോഡ് പണികൾ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം ചെയ്തിട്ടുള്ളതാണെന്നും നിയമാനുസൃതമായി കൺവീനറുമായി എഗ്രിമെന്റ് വച്ച് പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ആകയാൽ ടി വർക്കുകൾ ടെൻഡർ ചെയ്ത് നല്കിയിട്ടില്ലെന്നും പ്രസ്തുത ജോലികളുടെ എഗ്രിമെന്റിനൊപ്പം ഷെഡ്യൂൾ ഓഫ് എഗ്രിമെന്റ് ചേർത്താണ് എഗ്രിമെന്റ് വച്ചിട്ടുള്ളത് എന്നും എഗ്രിമെന്റിനൊപ്പമുള്ള വർക്ക് ഓർഡറിൽ പണിപൂർത്തീകരിക്കാർ ആറുമാസ കാലാവധിയാണ് ബഹു. ജില്ലാകളക്ടർ നല്കിയിട്ടുള്ളതെന്നും കാലാവധി തീർന്ന മുറയ്ക്ക് സപ്ലിമെന്ററി എഗ്രിമെന്റ് ഫയലിൽ ചേർത്തിട്ടുണ്ടെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. റോഡ് പണി, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി ഫണ്ടിൽ നിന്നും ലഭ്യമായ തുക ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുള്ളതാണെന്നും എഗ്രിമെന്റിനൊപ്പം ഷെഡ്യൂൾ ഓഫ് എഗ്രിമെന്റ് ചേർത്തിട്ടുള്ളതിനാലാണ് കണ്ടീഷൻസ് ഓഫ് കോൺട്രാക്ട് പൂരിപ്പിക്കാതിരുന്നതെന്നും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനെന്ന നിലയിൽ പ്രസ്തുത ജോലികളിലൊന്നും തന്നെ താൻ മനഃപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലെന്നും പരാമർശം (4) പ്രകാരം ശ്രീ . വി.കെ. ചന്ദ്രശേഖരൻ ബോധിപ്പിച്ചിട്ടുണ്ട്.

ഫയൽ കൈകാര്യം ചെയ്യുന്നതിൽ ചില അപാകതകൾ കണ്ടെത്തിയെങ്കിലും സാമ്പത്തിക ബാദ്ധ്യത വരുത്തുന്ന തരത്തിലുള്ള ഗുരുതരമായ വീഴ്ച്ചകളൊന്നും കണ്ടെത്തിയിട്ടില്ലെന്ന് പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

ശ്രീ.വി.കെ.ചന്ദ്രശേഖരൻ ഇപ്പോൾ അട്ടപ്പാടി ഐ.റ്റി.ഡി.പി-യിൽ പ്രോജക്ട് ഓഫീസറായി സേവനം ചെയ്യുന്നുവെന്നും എന്നാൽ ശ്രീ. ഷാജി ജോർജ്ജ് 30.06.2014 ന് സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും ഗ്രാമവികസന കമ്മീഷണർ 01.01.2015 ലെ കത്ത് മുഖേന റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പരിധിയിൽപ്പെട്ട പഞ്ചായത്തുകളിലെ റോഡ് പ്രവൃത്തികളിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെങ്കിലും നടപടിക്രമങ്ങൾ പാലിക്കുന്നതിൽ മുൻ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ശ്രീ. വി.കെ.ചന്ദ്രശേഖരൻ വീഴ്ച വരുത്തിയതായി കണ്ടെത്തിയതിനാൽ 1960 ലെ KCS (CC&A)Rule 11(1) ൽ പ്രതിപാദിച്ചിട്ടുള്ള ശിക്ഷയായ 'സെൻഷർ' നല്കി ടിയാനെതിരെയുള്ള അച്ചടക്കനടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയകുമാർ.ടി.പി
**സ്പെഷ്യൽ സെക്രട്ടറി**

ശ്രീ.ശ്രീ.വി.കെ.ചന്ദ്രശേഖരൻ, മുൻ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
( ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ